Anakha sv
STD:IX A
N.S.S.E.M.H.S. Dhanuvachapuram

**അതിജീവിക്കാം
ഒരുമയോടെ**

ഇന്ന് നാം കോവിഡ്- 19 അഥവാ 'കൊറോണ വൈറസ് ഡിസീസ്' എന്ന മഹാമാരിയുടെ വലയത്തിൽ അകപ്പെട്ടിരുക്കുന്ന സാഹചര്യത്തിൽ ഇത്തരം ഒരു ലേഖനത്തിന് വളരെയേറെ പ്രാധാന്യം ഉണ്ട് . കോവിഡ്- 19 എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഈ വ്യാധി നമ്മുടെ ഓരോരുത്തരുടെയും ദൈനംദിന ജീവിതത്തെ തകിടംമറിക്കുകയാണ് എന്ന വസ്തുത ഓർക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ ഈ മഹാമാരിയെ ലോകത്തുനിന്നും വേരോടെ പിഴുതെറിയാൻ നാമോരോരുത്തരും കരുതലോടെ പരിശ്രമിക്കേണ്ടതുണ്ട്.

കൊവിഡ് 19 എന്ന മഹാമാരിയെ തുരത്താൻ നാം ആദ്യം ശ്രദ്ധിക്കേണ്ടത് ശുചിത്വമാണ്. അതായത് വ്യക്തിശുചിത്വം. സാമൂഹിക അകലം പാലിക്കുന്നതിനോടൊപ്പം നമ്മുടെ കൈകൾ ഇടയ്ക്കിടെ സോപ്പ് വെള്ളമോ സാനിറ്റേറിസറോ ഉപയോഗിച്ച് ശുദ്ധിയാക്കുക. മാത്രമല്ല വിദ്യാർത്ഥികളായ നാം നമ്മുടെ വീട്ടിലുള്ള ഓരോരുത്തരെയും ഈ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി കൊടുക്കേണ്ടത് നമ്മുടെ

Scanned by TapScanner

ഉത്തരവാദിത്വമാണ്. ഇതു മാത്രമല്ല നമ്മുടെ കൈകൾ കൊണ്ട്  കണ്ണുകളിലും മുഖത്തും ആവശ്യമില്ലാതെ സ്പർശിക്കുവാൻ പാടുള്ളതല്ല. മറ്റൊരു പ്രധാനപ്പെട്ട കാര്യം എന്താണെന്നാൽ അനാവശ്യ യാത്രകൾ ഒഴിവാക്കുക. അഥവാ പുറത്തിറങ്ങേണ്ട സാഹചര്യങ്ങൾ ഉണ്ടായാൽ മാസ്കോ തൂവാലയോ കരുതുക. നമ്മുടെ വീട്ടിലുള്ള മുതിർന്നവരോടും കൂടി ഈ കാര്യം ഓർമ്മപ്പെടുത്താൻ  ശ്രദ്ധിക്കുക. നമ്മുടെ വീടും പരിസരവും അണുവിമുക്തമാക്കുക. സർക്കാരിന്റെയും ആരോഗ്യവകുപ്പിന്റെയും നിസ്സീമമായ അധ്വാനത്തിന്റെ  ഫലമാണ് ഇന്ന് നമ്മുടെ കേരളത്തിന്  മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് രോഗികളുടെ

എണ്ണം കുറയുവാനുള്ള കാരണം. അതുകൊണ്ടുതന്നെ നാമോരോരുത്തരും സർക്കാരിന്റെയും ആരോഗ്യ പ്രവർത്തകരുടെയും നിർദ്ദേശങ്ങൾ തുടർന്നും പാലിക്കുക. നാം ഒന്നിച്ചു നിന്നാൽ നമ്മുടെ കേരളത്തെ കോവിഡ്  19 എന്ന മഹാമാരിയിൽ നിന്നും മുക്തം ആക്കാം. മറ്റു സംസ്ഥാനങ്ങളും അവരവരുടെ നിർദ്ദേശങ്ങൾ പാലിക്കുന്നതിലൂടെ രോഗവ്യാപനം നിശ്ചയമായും ഇല്ലാതാക്കുവാൻ സാധിക്കും. അങ്ങനെ നമ്മുടെ ലോകവും കോവിഡ് -19ൽ നിന്നും രക്ഷനേടും എന്ന്  ഉറപ്പായും വിശ്വസിക്കാം, പ്രത്യാശിക്കാം.

Scanned by TapScanner